"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ കിനാനൂർ വില്ലേജിലെ റീ.സ. 398/1 ൽപ്പെട്ട 1.21 ആർ സർക്കാർ ഭൂമി, ഉദയപുരുഷ സ്വയം സഹായ സംഘം & കലാകായിക കേന്ദ്രത്തിന്റെ ഓഫീസ് കെട്ടിടം, ശവസംസ്കാരത്തിനുള്ള സാധനസാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ് എന്നിവ സ്ഥാപിക്കുന്നതിനായി കമ്പോള വിലയുടെ 0.5% നിരക്കിൽ ₹620/- (അറുന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപ വാർഷിക പാട്ടം ഈടാക്കി മൂന്ന് വർഷത്തേക്ക് പാട്ടത്തിന് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.18/2026/RD തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:- 1. 06.02.2016- ലെ ജി.ഒ.(എം.എസ്.) നമ്പർ 96/2016/റവ നമ്പർ ഉത്തരവ്.

2. കാസർഗോഡ് ജില്ലാ കളക്ടറുടെ 03-08-2023-ലെ DCKSGD/10105/2021-C6 നമ്പർ കത്ത്.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27-02-2024 -ലെ LR/9673/2022-LR(J10) നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ കിനാനൂർ വില്ലേജിലെ റീ.സ. 398/1 ൽപ്പെട്ട 1.21 ആർ സർക്കാർ ഭൂമി ഉദയപുരുഷ സ്വയം സഹായ സംഘം & കലാ കായിക കേന്ദ്രത്തിന്റെ ഓഫീസ് കെട്ടിടം, ശവസംസ്കാരത്തിനുള്ള സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ് എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടി പാട്ടത്തിന് നൽകുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം (2) പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം സമർപ്പിച്ചിരുന്നു.

2) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ കിനാനൂർ വില്ലേജിലെ റീ.സ. 398/1 ൽപ്പെട്ട 1.21 ആർ സർക്കാർ ഭൂമി ഉദയപുരുഷ സ്വയം സഹായ സംഘം & കലാ കായിക കേന്ദ്രത്തിനു 2023-24 വർഷത്തേക്ക് 17.03.2018ലെ സ.ഉ(അച്ചടി)44/2018/ധന, 08.03.2019ലെ സ.ഉ(അച്ചടി)28/2019/ധന പ്രകാരമുള്ള വർദ്ധനവുകൾ സഹിതം ₹680/- രൂപ (അറുന്നൂറ്റി എൺപത് രൂപ മാത്രം) വാർഷിക പാട്ടത്തിനും, ടി വർദ്ധനവുകളില്ലാതെ ₹620/- അറുന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപ വാർഷിക പാട്ടത്തിനും അനുവദിക്കുന്നതിനും, തുടർന്നുള്ള വർഷങ്ങളിൽ ന്യായവിലയിൽ വരാനിടയുള്ള വർദ്ധനവും മറ്റു ആനുപാതിക വർദ്ധനവുകളും അനുസരിച്ച് പാട്ട നിരക്ക് പുതുക്കി നിശ്ചയിക്കാവുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ കിനാനൂർ വില്ലേജിലെ റീ.സ. 398/1 ൽപ്പെട്ട 1.21 ആർ സർക്കാർ ഭൂമി, ഉദയപുരുഷ സ്വയം സഹായ സംഘം & കലാ കായിക കേന്ദ്രത്തിന്റെ ഓഫീസ് കെട്ടിടം, ശവസംസ്കാരത്തിനുള്ള സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ് എന്നിവ സ്ഥാപിക്കുന്നതിനായി ചുവടെപ്പറയുന്ന പാട്ട വ്യവസ്ഥകൾക്ക് വിധേയമായി കമ്പോള വിലയുടെ 0.5% നിരക്കിൽ ₹620/-രൂപ (അറുന്നൂറ്റി ഇരുപത് രൂപ മാത്രം) വാർഷിക പാട്ടം ഈടാക്കി മൂന്നു വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;
ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല;
iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;
iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ഉദയപുരുഷ സ്വയം സഹായ സംഘം & കലാകായിക കേന്ദ്രം തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;
v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയ ശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.
vi) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.
vii) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.
viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

4) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
തഹസിൽദാർ, വെള്ളരിക്കുണ്ട് താലൂക്ക്, കാസർഗോഡ്
സെക്രട്ടറി, ഉദയപുരുഷ സ്വയം സഹായ സംഘം&കലാകായിക കേന്ദ്രം, ചായോത്ത് പി.ഒ
നീലേശ്വരം വഴി, കാസർഗോഡ്
ധനകാര്യ വകുപ്പ് (15.07.2025 ലെ Exp.D3/17/2025-Fin പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Kumari Sindhu S
Date: 12-01-2026 11:15:23
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ-ക്ക്